www.malankaralibrary.com

# നക്ഷത്രകുമാരന്റെ കഥ

ബൈബിൾ നിറയെ ഒരു നക്ഷത്രകുമാരന്റെ കഥയാണ് ...

ഈ വർഷം നക്ഷത്രം തെളിക്കുമ്പോൾ ഓർമിക്കാൻ ഇതാ, ഒരു കഥ ...

**രചന:** ഫാ. ജോഷി മയ്യാറ്റിൽ
**സംവിധാനം:** ശരത് വെമ്പാല

**രംഗം ഒന്ന്**
(ഉത്പ 2,5-3,19)

ഒരിടത്തൊരിടത്തൊരു ഏദൻ ഉണ്ടായിരുന്നു.
ആദാമിന്റെ ഏദൻ; ഹവ്വയുടെയും.
അവിടെ നക്ഷത്രങ്ങൾ തിളങ്ങിയിരുന്നു.
കിളികളുടെ പാട്ടിന് സ്വർഗം ശ്രുതിമീട്ടിയിരുന്നു.
വൃക്ഷങ്ങളെല്ലാം നമ്രശിരസ്കരായേ നിന്നിരുന്നുള്ളൂ.
സിംഹവും മാനും ചങ്ങാത്തം കൂടിയിരുന്നു.
രാപകലുകൾ എന്നും ലയവിസ്മയ നിറച്ചാർത്തുകൾ തീർത്തിരുന്നു.

ഒരിക്കൽ അവിടെ ഫണമുയർന്നു.
വൃക്ഷം അഹങ്കാരിയായി ശിരസ്സുയർത്തി.
നക്ഷത്രങ്ങൾ താഴെപ്പതിച്ചു!
എങ്ങും എവിടെയും മൂളലും മുരങ്ങലും.
മണ്ണിൽ മുളച്ചതെല്ലാം മുള്ളുകൾ!
ആദവും ഹവ്വയും ശിരസ്സു താഴ്ത്തി വൃക്ഷത്തിൻപിന്നിലൊളിച്ചു.
നാണം, സർവത്ര നാണം!

ഒരുവേള, കാളീയമർദനത്തിന്റെ മഹാവിളംബരം കേട്ടു കാലം കോൾമയിർകൊണ്ടു:
    "നീയും സ്ത്രീയുംതമ്മിലും
    നിന്റെ സന്തതിയും അവളുടെ സന്തതിയുംതമ്മിലും
    ഞാൻ ശത്രുത ഉളവാക്കും.
    അവൻ നിന്റെ തല തകർക്കും;
    നീ അവന്റെ കുതികാലിൽ ദംശിക്കുകയും ചെയ്യും." (ഉത്പ 3,15)

ഇരുളിന്റെ കനത്ത വിതാനത്തിൽ
കാലത്തിന്റെ വിദൂരകോണിൽ
ഒരു ഉഷഃകാലതാരം അവ്യക്തമായി മിന്നി!
താഴെപ്പതിച്ച നക്ഷത്രങ്ങളുടെയെല്ലാം ഉടയവൻ -
സാക്ഷാൽ നക്ഷത്രകുമാരൻ -
അവൾക്കു പിന്നാലെ ഉണ്ടായിരുന്നു!

www.malankaralibrary.com

## രംഗം രണ്ട്

(സംഖ്യ 22,1-24,25)

മൊവാബിൽ കോളിളക്കമുണ്ടായി - നാടോടിശല്യം!
മുഖവും സ്വരവും നഷ്ടപ്പെട്ട് മിസ്രായീമിൽനിന്ന് ഓടിപ്പോന്ന
അബ്രാമിന്റെ സന്തതികളെ
ബാലാമിന്റെ ശാപക്കയ്പുകൂടി കുടിപ്പിക്കണമെന്ന്
ബാലാക്കിനു കടുത്ത നിർബന്ധം.
വിമോചനയാത്ര തടയാൻ അവിവേകയാത്ര നടത്തിയവൻ ഒടുവിൽ മൊഴിഞ്ഞു:

"ഞാൻ അവനെ കാണുന്നു, എന്നാൽ ഇപ്പോഴല്ല;
ഞാൻ അവനെ ദർശിക്കുന്നു, എന്നാൽ അടുത്തല്ല.
യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും..." (സംഖ്യ 24,17).

അതെ, ക്ഷുദ്രപ്രയോഗിയായ വിജാതീയനുപോലും
വിദൂരകോണിൽ നക്ഷത്രം തെളിഞ്ഞു.
ബാലാം കണ്ടു അവ്യക്തമായി, നക്ഷത്രകുമാരനെ!

## രംഗം മൂന്ന്

(ഏശ 7-9)

സിറിയായും എഫ്രായിമും കൈകോർത്തു.
യൂദാ നടുങ്ങിവിറച്ചു.
അസീറിയയിലേക്ക് ആഹാസ് ഉറ്റുനോക്കി.
സഖ്യചിന്തകൾ രാജമനസ്സിൽ നിറഞ്ഞു.
ഏശയ്യായുടെ പാഞ്ചജന്യം:

"യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും.
അവൻ 'ഇമ്മാനുവേൽ' എന്നു വിളിക്കപ്പെടും" (ഏശ 7,14).

(ഓമനത്തിങ്കൾക്കിടാവോ....)

"അന്ധകാരത്തിൽ കഴിഞ്ഞ ജനം
മഹത്തായ ഒരു പ്രകാശം കണ്ടു;
കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെമേൽ പ്രകാശമുദിച്ചു" (ഏശ 9,2).

## രംഗം നാല്

(സുവിശേഷങ്ങൾ)

"കിഴക്കു കണ്ട നക്ഷത്രം അവർക്കുമുമ്പേ നീങ്ങിക്കൊണ്ടിരുന്നു" (മത്താ 2,9).

www.malankaralibrary.com

(ദൂരെനിന്നും...)

കുമാരൻ കിടന്നേടത്തിനു മുകളിലായി
നക്ഷത്രം തിളങ്ങിനിന്നു.
പൗരസ്ത്യജ്ഞാനികൾ അടുത്തായി ദർശിച്ചു -
യാക്കോബിൽ നിന്നുദിച്ച നക്ഷത്രത്തെ,
ഉഷകാലതാരം കൈകളിലേന്തിയ നക്ഷത്രകുമാരനെ.

"ഞാൻ ലോകത്തിന്റെ പ്രകാശമാണ്" (യോഹ 8,12)
എന്നു പിന്നീടു പറഞ്ഞതും ആ യേശുതന്നെയാണ്.

**രംഗം അഞ്ച്**
(വെളിപാട്)

ഉത്പത്തിയിലെ 'സ്ത്രീ'യും
ഏശയ്യായിലെ 'യുവതി'യും
മത്തായിയിലെ 'കന്യക'യും
യോഹന്നാനിലെ 'സ്ത്രീ'യും (2,4; 19,26)
വെളിപാടിലെ 'സ്ത്രീ'യും (വെളി 12).
നക്ഷത്രകുമാരന്റെ അമ്മ തന്നെ!
വെളിപാടന്ത്യത്തിൽ നക്ഷത്രരാജാവിന്റെ സ്വരമുയരുന്നു:
"ഞാൻ ദാവീദിന്റെ വേരും സന്തതിയുമാണ്;
പ്രഭാപൂർണ്ണനായ പ്രഭാതനക്ഷത്രം" (വെളി 22,16)

**നക്ഷത്രപ്പിറന്നാൾ**

നക്ഷത്രകുമാരന്റെ തിരുനാളിൽ
നക്ഷത്രാലങ്കാരങ്ങൾ ഒരുക്കുമ്പോൾ ഈ കവിതാശകലം ഓർക്കുക:
ഉയരങ്ങളിലേക്കു നോക്കിയവർ
നക്ഷത്രം കണ്ടു . . .
നക്ഷത്ര വഴി കണ്ടു . . .
നക്ഷത്ര താവളം കണ്ടു . . .
നക്ഷത്രകുമാരനെ കണ്ടു . . .
നക്ഷത്രകുമാരനെ കണ്ടവർ ജ്വലിച്ചു,
നക്ഷത്രങ്ങളായി . . . (സങ്കീ 36,19)

**നിങ്ങൾ തെളിക്കുന്ന നക്ഷത്രം നിങ്ങളുടെ മനസ്സിൽ തെളിയട്ടെ!**
**ആയിരം നക്ഷത്രാശംസകൾ!**